ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രണ്ടാംഘട്ട ലോക് സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ആവേശത്തോടെ സമാപനം. ഇനി നിശബ്ദപ്രചാരണം. വിധിയെഴുതാനൊരുങ്ങി കേരളവും

   **The public campaigning for the second phase of loksabha elections ended. Kerala will also go to poll on this phase.**

2. വോട്ടെടുപ്പിൽ ഇ.വി.എം വോട്ടുകളും വിവി പാറ്റ് സ്ലിപ്പുകളും പൂർണ്ണമായും ഒത്തുനോക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സുപ്രീം കോടതി വിധിപറയാൻ മാറ്റി.

   **The Supreme Court today reserved its verdict on a batch of petitions seeking a cent per cent cross-verification of the vote count in Electronic Voting machines (EVMs) with Voter Verifiable Paper Audit Trail (VVPAT) paper slips.**

3. നിരായുധീകരണം, ആയുധ സംഭരണം, കയറ്റുമതി എന്നിവ തടയുന്നത് സംബന്ധിച്ച് ചർച്ച നടത്തി ഇന്ത്യയും ജപ്പാനും.

   **The India-Japan Consultations on Disarmament, Non-Proliferation and Export Control was held in Tokyo today.**

4. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. പാലക്കാട് വെള്ളിയാഴ്ച വരെ ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

Temperature in Kerala continues to rise. IMD predicts heat wave in Palakkad till Friday

5. ഐപിഎല്ലിൽ ഡൽഹി ക്യാപ്പിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടുന്നു. ഐഎസ്എൽ ഫുട്ബോളിന്റെ ആദ്യപാദ സെമി ഫൈനലിൽ ഇന്ന് എഫ്സി ഗോവ - മുംബൈ സിറ്റി പോരാട്ടം.

In IPL cricket Delhi Capitals and Gujarat Titans facing each other and in the first phase semifinals of ISL football FC Goa and Mumbai city fighting against one another

&&&&&&&&&&&&&&&&&&

## ELECTION PUBLIC CAMPAIGN-INTRO

രണ്ടാംഘട്ട ലോക്സഭ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണത്തിന് ആവേശത്തോടെ സമാപനം. കേരളമുൾപ്പെടെ 13 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ വിധിയെഴുതുന്നത്.

***വിശദാംശങ്ങളിലേക്ക്..........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## ELECTION PUBLIC CAMPAIGN-VOICE

മറ്റന്നാൾ നടക്കാനിരിക്കുന്ന രണ്ടാം ഘട്ട വോട്ടെടുപ്പിന് മുന്നോടിയായി ശക്തമായ പ്രചാരമാണ് നടന്നത്. പരസ്യപ്രചാരണം സമാപിച്ചതോടെ വോട്ടെടുപ്പ് ദിവസം വരെ ഇനി നിശബ്ദ പ്രചാരണമായിരിക്കും. ഈ സമയപരിധിയിൽ

ഉച്ചഭാഷിണികളുടെ ഉപയോഗം, ജാഥകൾ പ്രകടനങ്ങൾ എന്നിവയ്ക്ക് അനുവാദമില്ല. നിയമവിരുദ്ധമായി ആളുകൾ കൂട്ടം ചേരുകയോ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ ചെയ്യുന്നതിനും വിലക്കുണ്ട്. വോട്ടെടുപ്പ് പൂർത്തിയാകുന്നത് വരെയുള്ള 48 മണിക്കൂർ മദ്യവിതരണത്തിനും വിൽപനക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അവസാനഘട്ട വോട്ടെടുപ്പ് പൂർത്തിയായി അരമണിക്കൂർ കഴിയും വരെ എക്സിറ്റ് പോളുകൾക്കും നിരോധനമുണ്ട്. കേരളത്തിലേത് ഉൾപ്പെടെ പല മണ്ഡലങ്ങളിലും ദേശീയ നേതാക്കൾ നേരിട്ടെത്തിയാണ് സ്ഥാനാർഥികൾക്കായി വോട്ട് അഭ്യർത്ഥിച്ചത്. കൊട്ടിക്കലാശത്തിനും പ്രധാന നേതാക്കളുടെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു. ഏപ്രിൽ 26 ന് രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

ന്യൂസ് ഡസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## NATIONAL ELECTION

കേരളത്തിനുപുറമേ കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം ഉത്തർപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ എട്ട് വീതം മണ്ഡലങ്ങളിലും, മധ്യപ്രദേശിൽ എഴിടത്തും മറ്റന്നാളാണ് വോട്ടടുപ്പ്. അസം, ബിഹാർ എന്നിവിടങ്ങളിലെ അഞ്ച് വീതം സീറ്റുകളിലും, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ മൂന്ന് വീതം മണ്ഡലങ്ങളിലും മണിപ്പൂരിലെയും, ത്രിപുരയിലെയും ജമ്മുകശ്മീരിലെയും

ഓരോ മണ്ഡലത്തിലും രണ്ടാം ഘട്ടത്തിലാണ് വോട്ടെടുപ്പ്. കേന്ദ്രമന്ത്രിമാരും, സംസ്ഥാന മന്ത്രിമാരും ഉൾപ്പെടെ നിരവധി പ്രമുഖരാണ് ഈ ഘട്ടത്തിൽ ജനവിധി തേടുന്നത്. 1,210 സ്ഥാനാർത്ഥികൾ രണ്ടാം ഘട്ടത്തിൽ മത്സരരംഗത്തുണ്ട്. പ്രമുഖ നേതാക്കൾ വിവിധ സസ്ഥാനങ്ങളിൽ പ്രചാരണം തുടരുകയാണ്.

&&&&&&&&&&&&&&&&&&&

## KERALA – CAMPAIGN

കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങളിലായി രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാരാണ് മറ്റന്നാൾ സമ്മതിദാനാവകാശം വിനിയോഗിക്കുക. ഇതിൽ 5 ലക്ഷത്തി 34,394 പേർ കന്നി വോട്ടർമാരാണ്. 194 സ്ഥാനാർത്ഥികൾ സംസ്ഥാനത്ത് മത്സരരംഗത്തുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് ആലപ്പുഴയിൽ എൻഡിഎ പ്രചാരണത്തിനായി എത്തി. കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടികൾ രാജ്യത്ത് അസ്തമിച്ചെന്നും ഇനി വരാനിരിക്കുന്നത് ബിജെപിയുടെ നാളുകളാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ 20 സീറ്റിലും യു ഡി എഫ് വിജയിക്കുമെന്ന് എ ഐ സി സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തിരുവനന്തപുരത്തെ കെ പി സി സി ആസ്ഥാനത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എൽ ഡി എഫ് പുതു ചരിത്രം രചിക്കുമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി

ഗോവിന്ദൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ARUNACHAL PRADESH POLLING

അരുണാചൽ പ്രദേശിലെ 8 പോളിംഗ് സ്റ്റേഷനുകളിൽ ഇന്ന് റീപോളിംഗ് നടന്നു. അരുണാചൽ വെസ്റ്റ് പാർലമെൻ്റ് മണ്ഡലത്തിൽപ്പെട്ട, 4 നിയമസഭാ മണ്ഡലങ്ങളിലെ ബൂത്തുകളിലാണ് റീപോളിങ്ങ് നടന്നത്.

&&&&&&&&&&&&&&&&&&

## PM-RAHUL GANDHI

പട്ടികജാതി/പട്ടികവർഗ്ഗ സംവരണം കുറയ്ക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന് മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി. സംവരണം നിലനിർത്താൻ ബിജെപിക്ക് മാത്രമേ സാധിക്കൂ എന്നും അദ്ദേഹം ഛത്തീസ്ഗഢിൽ പറഞ്ഞു.

അതേസമയം കോൺഗ്രസിൻറെ പ്രകടനപത്രിക പ്രധാനമന്ത്രിയെ അസ്വസ്ഥനാക്കിയെന്ന് ദേശീയ നേതാവ് രാഹുൽ ഗാന്ധി. കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയെ കുറ്റപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ പ്രസ്താവനക്ക് തൊട്ടുപിന്നാലെയാണ് രാഹുൽ ഗാന്ധിയുടെ പരാമർശം. കോൺഗ്രസ് സംഘടിപ്പിച്ച സാമൂഹ്യനീതി കോൺക്ലേവിലാണ് രാഹുൽ ഗാന്ധി

ഇക്കാര്യങ്ങൽ പറഞ്ഞത്. ഏപ്രിൽ ആദ്യമാണ് ന്യായ് പത്ര എന്ന പേരിൽ കോൺഗ്രസ് പ്രകടനപത്രിക പുറത്തിറക്കിയത്.

&&&&&&&&&&&&&&&&&&

## NITHIN GADKARI

മഹാരാഷ്ട്രയിലെ തിരഞ്ഞെടുപ്പ് റാലിക്കിടെ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി കുഴഞ്ഞു വീണു. എൻ ഡി എ സ്ഥാനാർഥി രാജശ്രീ പാട്ടീലിനു വേണ്ടി പ്രചാരണം നടത്തുന്നതിനിടയിലാണ് അദ്ദേഹം കുഴഞ്ഞുവീണത്. മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ വിഭാഗം നയിക്കുന്ന ശിവസേന അംഗമാണു രാജശ്രീ.

ജനങ്ങളെ അഭിസംബോധന ചെയ്യുന്നതിനിടയിലാണു ഗഡ്കരി കുഴഞ്ഞുവീണത്. സ്റ്റേജിലുണ്ടായ പ്രവർത്തകർ വേഗത്തിൽ അദ്ദേഹത്തെ താങ്ങിയെടുക്കുകയും അടിയന്തര ചികിത്സ ലഭ്യമാക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## SUPREME COURT- EVM VVPAT

വോട്ടെടുപ്പിൽ ഇ.വി.എം വോട്ടുകളും വിവി പാറ്റ് സ്ലിപ്പുകളും 100 ശതമാനം ഒത്തുനോക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ സുപ്രീം കോടതി വിധിപറയാൻ മാറ്റി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും അടങ്ങുന്ന ബെഞ്ച് കേസ് പരിഗണിച്ചത്. ഇലക്ട്രോണിക്

വോട്ടിങ്ങ് യന്ത്രങ്ങളിൽ കൃത്രിമത്തിന് ഒട്ടുംതന്നെ സാധ്യതയില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയിൽ ഉറപ്പുനൽകി. വിവിപാറ്റ് സ്ലിപ്പുകൾ പൂർണ്ണമായും എണ്ണുന്നത് പ്രായോഗികമായി സാധ്യമല്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

നിലവിലെ പോളിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്ക്കാരങ്ങൾ പരിശോധിക്കുമെന്ന് കോടതി വ്യക്തമാക്കി. എന്നാൽ പേപ്പർ ബാലറ്റിലേക്ക് മടങ്ങുക എന്ന ആശയത്തോട് സുപ്രീം കോടതി വിയോജിച്ചു.

&&&&&&&&&&&&&&&&&&

## INDIA JAPAN CONSULTATIONS

നിരായുധീകരണം, ആയുധ സംഭരണം, കയറ്റുമതി എന്നിവ തടയുന്നത് സംബന്ധിച്ച ഇന്ത്യ-ജപ്പാൻ 10-ാ‍ാം വട്ട ചർച്ച ജപ്പാനിലെ ടോക്ക്യോയിൽ നടന്നു. ആണവ, രാസ, ജൈവ ആയുധങ്ങളുടെ വികസനം, നിരായുധീകരണം എന്നിവ ഇരു രാജ്യങ്ങളും ചർച്ച ചെയ്തു. വിദേശകാര്യ മന്ത്രാലയ ജോയിൻറ് സെക്രട്ടറി മുവാൻപൂയ് സയ്യാവി ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു.

&&&&&&&&&&&&&&&&&&

## MUMBAI-RBI

കൊട്ടക് മഹീന്ദ്ര ബാങ്കിനോട് പുതിയ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നത് നിർത്തിവയ്ക്കാൻ ആർബിഐ നിർദേശം. ഓൺലൈൻ- മൊബൈൽ ബാങ്കിങ് ചാനലുകളിലൂടെ പുതിയ ഉപഭോക്താക്കളെ സ്വീകരിക്കരുതെന്നും റിസർവ് ബാങ്ക് നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## PRESIDENT

കാലാവസ്ഥാ വ്യതിയാനം ലോകത്തെ ആകെ ബാധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭൂമിയിലെ ജൈവ വൈവിധ്യങ്ങൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം മനുഷ്യർക്കുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വലിയ പങ്കു വഹിക്കാനാകുമെന്നും രാഷ്ട്രപതി പറഞ്ഞു. ഡെറാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പ്രൊബേഷണേഴ്സിന്റെ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

&&&&&&&&&&&&&&&&&&

## WEATHER-KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. പാലക്കാട് ജില്ലയിൽ വെള്ളിയാഴ്ച വരെ ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ജില്ലയിൽ താപനില

41 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്നാണ് മുന്നറിയിപ്പ്. കൊല്ലം ജില്ലയിൽ താപനില 39°C വരെയും, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 38°C വരെയും ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ, സെമി ഫൈനൽ ആദ്യപാദ മത്സരത്തിൽ ഇന്ന് ഗോവ - മുംബൈ സിറ്റിയെ നേരിടുന്നു. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ ഗുജറാത്ത് ടൈറ്റൻസ് ഡൽഹി ക്യാപ്പിറ്റൽസിനെ ബാറ്റിംഗിനയച്ചു. ഡൽഹി അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ ഗുജറാത്ത് ആറാമതും, ഡൽഹി എട്ടാമതുമാണ്.

&&&&&&&&&&&&&&&&&&

## SHANGHAI ARCHERY WORLD CUP

ഷാങ്ഹായിൽ നടക്കുന്ന അമ്പെയ്ത്ത് ലോകകപ്പിൻറെ ഒന്നാം സ്റ്റേജിൽ, ഇന്ത്യൻ പുരുഷ-വനിതാ കോമ്പൗണ്ട് ടീമുകൾ, ഇന്ന് ഫൈനലിൽ പ്രവേശിച്ചു. സെമിഫൈനലിൽ അഭിഷേക് വർമ, പ്രിയാൻഷ്, പ്രത് മേഷ് ഫുഗെ എന്നിവരടങ്ങിയ ഇന്ത്യൻ പുരുഷ ടീം, ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തി. ജ്യോതി സുരേഖ വെണ്ണം, അദിതി ഗോപിചന്ദ്, പർണീത് കൗർ എന്നിവരടങ്ങിയ വനിതാ ടീം, എസ്റ്റോണിയയെ പരാജയപ്പെടുത്തിയാണ് ഫൈനലിലെത്തിയത്. ഫൈനലിൽ പുരുഷ ടീം നെതർലൻഡ്സിനെയും വനിതാ ടീം ഇറ്റലിയെയും നേരിടും. ഏപ്രിൽ 27നാണ് ഫൈനൽ മത്സരം.

&&&&&&&&&&&&&&&&&&

## RETAIL SUMMIT 2024

ദുബായിൽ പുരോഗമിക്കുന്ന ദ്വിദിന **റീറ്റെയ്ൽ ഉച്ചകോടി 2024 ന്** ഇന്ന് സമാപനമാകും. ചില്ലറ വ്യാപാര രംഗത്തെ ആഗോളനേതാക്കളുൾപ്പെടെ മുപ്പതിലധികം രാജ്യങ്ങളിൽ നിന്നായി തൊള്ളായിരത്തിലധികം പേർ ഉച്ചകോടിയിൽ പങ്കെടുക്കുന്നു. ലോകമെമ്പാടുമുള്ള ചില്ലറ വ്യാപാരികൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും അവസരങ്ങളും അഭിസംബോധന ചെയ്യുക ലക്ഷ്യമിട്ടുകൊണ്ട്, നിർമ്മിത ബുദ്ധി, ഡാറ്റ, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, മാക്രോ ഇക്കണോമിക്സ്, സപ്ലൈ ചെയിൻ മാനേജ്മെൻ്റ്, സുസ്ഥിരത എന്നിവയുൾപ്പെടെയുള്ള മേഖലകൾ

ഉച്ചകോടിയിൽ ചർച്ചാവിഷയമാകും. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി **റീട്ടെയിൽ ഉച്ചകോടി 2024 ൻ്റെ** വ്യവസായ പങ്കാളിയാണ്.

&&&&&&&&&&&&&&&&&&

## RAJASTHAN MEDICAL EDUCATION DEPARTMENT

രാജസ്ഥാനിൽ അവയവം മാറ്റിവയ്ക്കൽ പ്രക്രിയ സുതാര്യമാക്കുന്നതിനായി സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കുമുള്ള മാർഗനിർദേശം പുറപ്പെടുവിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്. അവയവ ദാതാക്കൾക്കും സ്വീകർത്താക്കൾക്കും നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ പ്രത്യേക തിരിച്ചറിയൽക്കാർഡ് ലഭ്യമാക്കാനാണ് നിർദേശം.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&